# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1975 12.02.2013- ൽ മറുപടിക്ക്**

**സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. തിലോത്തമൻ** | | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യ മന്ത്രി)** |
| (എ) | സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ ; | | **എ) & ബി)** സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇപ്പോൾ 4 ജീവനക്കാർ ജോലി ചെയ്യുന്നു.<br>1. സെക്ഷൻ ഓഫീസർ - 1 - ഡെപ്യൂട്ടേഷൻ<br>2. പ്യൂൺ - 1 - കരാർ നിയമനം<br>കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം ഒരു ടൈപ്പിസ്റ്റിനെ കരാർ അടിസ്ഥാനത്തിലും, എസ്.ഡി.എം.എ സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം ഒരക്കൗണ്ടന്റിനെ ദിവസ വേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. |
| (ബി) | അതോറിറ്റിയിലെ പ്രസ്തുത ജീവനക്കാരുടെ തസ്തികകൾ എപ്രകാരമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ദുരന്തനിവാരണ അതോറിറ്റിയിലെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള യോഗ്യതകളും മാനദണ്ഡങ്ങളും എന്തെല്ലാമാണ് ; | (സി) | യോഗ്യതകൾ നിശ്ചയിക്കപ്പെട്ടിട്ടില്ല. 25.11.2008 ലെ സ.ഉ(എം.എസ്സ്)നം.400/2008/ഡി.എം.ഡി പ്രകാരം ഡെപ്യൂട്ടേഷൻ/കരാർ/പുനഃനിയമനം വഴി നിയമനം നടത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. |
| (ഡി) | പ്രസ്തുത മാനദണ്ഡം കർശനമായി പാലിക്കപ്പെട്ടു തന്നെയാണോ നിയമനങ്ങൾ നടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | അതെ. |
| (ഇ) | നിശ്ചിത യോഗ്യതയിൽ ഇളവു വരുത്തിയും മാനദണ്ഡങ്ങൾ മറികടന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിയമനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ